**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **04-07-2022 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ചവരുടെ ഉപരിപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ച മുഴുവൻ വിദ്യാർഥികൾക്കും മലപ്പുറം ജില്ലയിൽ തന്നെ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നൽകുന്നതിന് വി.എച്ച്.എസ്.ഇ, ഹയർ സെക്കണ്ടറി, ഐ.ടി.ഐ വിഭാഗങ്ങളിൽ പുതിയ കോഴ്സുകളും, ബാച്ചും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടികൾ ആരംഭിച്ച ശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത ഉണ്ട് എന്ന് വ്യക്തമായാൽ കഴിഞ്ഞ വർഷത്തെപ്പോലെ അധിക സീറ്റുകളും താൽക്കാലിക ബാച്ചുകളും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | മഞ്ചേരി ഏലമ്പ്രയിൽ എൽപി സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | സർക്കാർ നയത്തിന്റെ ഭാഗമായാണ് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിച്ച് വരുന്നത്. ഏലമ്പ്രയിൽ ഒരു എൽ.പി.സ്കൂൾ അനുവദിക്കണമെന്ന ബഹു.കേരള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ SLP (12939/21, 12140/21) അപ്പീൽ സമർപ്പിച്ച് Interim Stay വിധി അനുവദിച്ചു നൽകുകയും ചെയ്തിട്ടുള്ളതാണ്. |
| (സി) | മഞ്ചേരി മണ്ഡലത്തിലെ പുല്ലൂർ ജി.യു.പി. സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | മഞ്ചേരി മണ്ഡലത്തിലെ പുലത്ത് ജി.എൽ.പി സ്കൂൾ യു.പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രൊപ്പോസൽ സർക്കാരിനു ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ